**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **09-02-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിശദാംശങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ഒ എസ് അംബിക</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നും നിലവിൽ എത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ഉണ്ടെന്നും വ്യക്തമാക്കാമോ; നിലവിലുള്ള സ്റ്റാർട്ടപ്പുകളുടെ നിക്ഷേപവും സൃഷ്ടിച്ച തൊഴിലവസരങ്ങളും 2015 വർഷത്തേതുമായി താരതമ്യം ചെയ്ത് അറിയിക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. സ്റ്റാർട്ടപ്പുകളുടെ എണ്ണം, നിക്ഷേപം, തൊഴിലവസരം എന്നിവയെ സംബന്ധിച്ച 2015 വർഷത്തേതും നിലവിലെയും സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th>2015 ലെ സ്ഥിതി</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>സ്റ്റാർട്ടപ്പുകളുടെ എണ്ണം</td><td>300</td><td>4500</td></tr>
<tr><td>നിക്ഷേപം</td><td>207 കോടി രൂപ</td><td>4500 കോടി രൂപ</td></tr>
<tr><td>തൊഴിലവസരം</td><td>3000</td><td>40000</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഏറ്റവും പുതിയ ഗ്ലോബൽ സ്റ്റാർട്ടപ് ഇക്കോ സിസ്റ്റം പ്രകാരം ഏഷ്യയിൽ ഒന്നാമതും ലോകത്തിൽ 4-ാം സ്ഥാനത്തുമുള്ള കേരള സ്റ്റാർട്ടപ് മിഷൻ സംസ്ഥാനത്തെ സംരംഭകത്വ വികസനത്തിനും ഇൻക്യൂബേഷൻ പ്രവർത്തനങ്ങൾക്കുമായി നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;</td><td>(ബി)</td><td>ആശയരൂപീകരണ ഘട്ടം മുതൽ സ്കെയിലപ് ഘട്ടം വരെ ചിട്ടയായ ഇൻക്യുബേഷൻ, മെന്റർഷിപ്പ്, ഫണ്ടിംഗ്, ബിസിനസ്സ് അവസരങ്ങൾ എന്നിവ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. വിദ്യാർത്ഥികൾ മുതൽ കോർപ്പറേറ്റ് പ്രൊഫഷണലുകൾ വരെയുള്ളവർക്ക് സംരംഭങ്ങൾ തുടങ്ങുവാനാവശ്യമായ സഹായങ്ങൾ നൽകുന്ന കേരളാ സ്റ്റാർട്ടപ്പ് മിഷൻ പദ്ധതിയാണ് യുവ സംരംഭകത്വ പദ്ധതി.</td></tr>
<tr><td>(സി)</td><td>സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കാമോ?</td><td>(സി)</td><td>സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ആശയം ആദ്യ മാതൃകയാക്കി വികസിപ്പിക്കുന്നതിന് 3 ലക്ഷം രൂപ വരെയുള്ള ‘ഐഡിയ ഗ്രാന്റ്’.<br>2. ഉൽപ്പന്നമാക്കി വികസിപ്പിക്കുന്നതിന് 4 ലക്ഷം രൂപയുടെ ‘പ്രോഡക്ടൈസേഷൻ ഗ്രാന്റ്’.<br>3. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിന് 3 ലക്ഷം രൂപയുടെ ‘മാർക്കറ്റ് ആക്സസ് ഗ്രാന്റ്’.</td></tr>
</table>

| | | | |
|---|---|---|---|
| | | | 4. ഉയർച്ചയിലെത്തുന്നതിന് 5 ലക്ഷം രൂപ വരെ ‘സ്കെയിലപ് ഗ്രാന്റ്”.<br>5. വളർച്ചയുടെ ഘട്ടത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 15 ലക്ഷം രൂപ വരെ ലഘുവായ വ്യവസ്ഥയിൽ വായ്പ നൽകുന്ന സീഡ് ഫണ്ട് പദ്ധതി. ഉയർച്ചയുടെ മറ്റു ഘട്ടങ്ങളിലുള്ളവർക്ക് 25 ലക്ഷം രൂപ വരെ ലഭിക്കും.<br>6. ഉയർന്ന മൂലധന ലഭ്യത ഉറപ്പാക്കുന്നതിനായി സെബി (SEBI) അംഗീകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന ‘ഫണ്ട് ഓഫ് ഫണ്ട്” പദ്ധതി.<br>7. ഇതര ഫണ്ടുകൾ, ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകർ എന്നിവരുമായി ബന്ധപ്പെട്ടുത്തി സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുന്ന പദ്ധതി. |

സെക്ഷൻ ഓഫീസർ